# Siraj
# 30 July 2018
# Idukki; Must be More Careful,Flood



## മുൻവർഷങ്ങളിലേതിനേക്കാൾ കൂടുതൽ ജാഗ്രത വേണം: ജനപ്രതിനിധികൾ

**ഇടുക്കി:** മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ദുരന്ത നിവരാണ പ്രവർത്തനങ്ങളിൽ മുൻവർഷങ്ങളിലേതിനേക്കാൾ കൂടുതൽ ജാഗ്രത പാലിക്കണം എന്ന് ജനപ്രതിനിധികൾ യോഗത്തിൽ ആവശ്യപ്പെട്ടു. മുൻകാലത്ത് 136 അടി ഉയർന്നപ്പോഴാണ് വെള്ളം തുറന്നുവിട്ടിരുന്നതെന്നും ഇപ്പോൾ 142 അടിയിൽ എത്തുമ്പോഴാണ് ഡാം തുറക്കാനുള്ള സാഹചര്യമെന്നും മുന്നൊരുക്കങ്ങളിൽ ഇതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണമെന്നും അഡ്വ.ജോയ്സ് ജോർജ് എം.പി പറഞ്ഞു.

പെരിയാർ തീരനിവാസികളുടെ ആശങ്ക അകറ്റുന്നതിനുള്ള നടപടികൾക്ക് പ്രധാന പരിഗണന നൽകണം. വെള്ളം 142 അടിയിൽ എത്തുമ്പോഴുള്ള ഷട്ടർ മാനേജ്മെന്റ് മാനുവൽ കേരളത്തിന് നൽകാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രശ്നം പാർലമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുമെന്നും എം.പി പറഞ്ഞു. മുൻസാഹചര്യങ്ങളിൽ നിന്ന് വ്യത്യതമായി ഇത്തവണ ഡാം തുറന്നാൽ കൂടുതൽ പ്രദേശങ്ങളിൽ വെള്ളം കയറാനും പാലങ്ങൾ അപകടത്തിലാകാനും സാധ്യത ഉണ്ടെന്ന് ഇ.എസ്.ബിജിമോൾ ചൂണ്ടിക്കാട്ടി.

നേരത്തെ തയ്യാറാക്കിയിട്ടുള്ള രക്ഷാപ്രവർത്തന പദ്ധതിയിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തണം എന്നും ആളുകളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിന് പുതിയ റൂട്ട് കണ്ടെത്തണമെന്നും എം.എൽ.എ പറഞ്ഞു. പ്രദേശത്ത് അടിയന്തിര ഘട്ടത്തിൽ വൈദ്യുതി മുടങ്ങാതിരിക്കാൻ നടപടി വേണം എന്നും റവന്യുവകുപ്പ് ഇക്കാര്യം ഉറപ്പാക്കണം. ജോലിക്കാരുടെ കുറവ് ഉണ്ടെങ്കിൽ പരിഹരിക്കാൻ താൽക്കാലിക നിയമനം നടത്തണം എന്നും എം.എൽ.എ പറഞ്ഞു.